**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1426** **19-09-2025 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും പ്രവൃത്തികളും**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി കെ. കെ. രമ</td><td colspan="2">ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ വിനോദസഞ്ചാര വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ അറിയിക്കുമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരമേറ്റതുമുതൽ നാളിതുവരെ വിനോദസഞ്ചാര വകുപ്പ് മുഖേന വടകര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>അഡീഷണൽ വർക്ക് അറ്റ് സാൻ്റ് ബാങ്ക്സ് വടകര - വടകര സാൻ്റ് ബാങ്ക്സ് ടൂറിസം കേന്ദ്രത്തിൽ പാർക്കിങ് ഏരിയ നിർമ്മാണം , സോളാർ ലൈറ്റുകൾ സ്ഥാപിക്കുക, നിലവിലുള്ള ടോയ്ലറ്റ് നവീകരിക്കുക, സിറ്റിങ് ബെഞ്ചുകൾ സ്ഥാപിക്കുക, ഫീഡിങ് റൂം സ്ഥാപിക്കുക, ഓഫീസ് ഫർണിച്ചറുകൾ പർച്ചേസ് ചെയ്യുക, ഇൻസിനെറേറ്റർ സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതിയുടെ ഭാഗമായി KIIFB പ്രൊജക്ടിൽ ഉൾപ്പെടുത്തി തച്ചോളി മാണിക്കോത്ത് ടെമ്പിളിൽ നടപ്പിലാക്കുന്ന ടൂറിസം വികസന പ്രവൃത്തികളുടെ ഭാഗമായി കളരി ട്രെയിനിങ് സെൻറർ, ലിവിങ് മ്യൂസിയം ഓഫ് കളരി, ഗാലറി സ്റ്റെപ്പ്സ്, ഇലക്ട്രിക്കൽ വർക്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ലാൻഡ്സ്കേപ്പ്, ബാലൻസ് ഇലക്ട്രിക്കൽ വർക്കുകൾ എന്നിവ അവശേഷിക്കുന്നു.<br><br>തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതിയുടെ ഭാഗമായി വടകര താഴെഅങ്ങാടിയിൽ നടപ്പിലാക്കുന്ന ടൂറിസം വികസന പ്രവൃത്തികളുടെ ഭാഗമായി ഫുട്പാത്ത്, ഡ്രെയിനേജ്, കിയോസ്ക്ക്, ഇലക്ട്രിഫിക്കേഷൻ വർക്കുകൾ, സ്ട്രീറ്റ് വാൾ ഡിസൈൻ എന്നിവയുടെ നിർമ്മാണമാണ് ഉൾപ്പെട്ടിരിക്കുന്നത്.</td></tr>
<tr><td>(ബി)</td><td>ഇക്കാലയളവിൽ വടകര മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് മുഖേന നടപ്പാക്കുന്നതിന് അനുമതി ലഭിച്ച ശേഷം നാളിതുവരെയായി നടപ്പാക്കാൻ കഴിയാതെ പോയതോ ആരംഭിച്ച ശേഷം പൂർത്തീകരിച്ചിട്ടില്ലാത്തതോ ആയ പദ്ധതികളും പ്രവൃത്തികളും</td><td>(ബി)</td><td>ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ/ നടപ്പിലാക്കി വരുന്ന ടൂറിസം പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.<br><br><table><tr><th>നം.</th><th>പദ്ധതിയുടെ പേര്</th><th>പുരോഗതി വിവരം</th></tr><tr><td>1.</td><td>അഡീഷണൽ വർക്ക് അറ്റ് സാൻ്റ് ബാങ്ക്സ്</td><td>പൂർത്തീകരിച്ചു</td></tr></table></td></tr>
</table>

ഏതെല്ലാമാണെന്നുള്ള വിശദാംശങ്ങൾ അറിയിക്കുമോ;

| | | |
|---|---|---|
| | വടകര – 60,00,000.00 രൂപ | |
| 2. | തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതി – KIIFB Project - വടകര തച്ചോളി മാണിക്കോത്ത് ടെമ്പിളിൽ നടപ്പിലാക്കുന്ന ടൂറിസം വികസന പ്രവൃത്തി – TS Amount - 2,02,98,000.00 രൂപ | 95% പുരോഗമിച്ചു. |
| 3. | തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതി – KIIFB Project – വടകര താഴെ അങ്ങാടിയിൽ നടപ്പിലാക്കുന്ന ടൂറിസം വികസന പ്രവൃത്തി - TS Amount – 1,40,96,748.00 രൂപ | നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കേണ്ടതുണ്ട്.<br><br>വർക്ക് കരാറുകാരന് അവാർഡ് ചെയ്തതായി SPV, M/S KIIDC അറിയിച്ചിട്ടുണ്ട്. |

(സി) ഇവ ഓരോന്നിനുമായി നീക്കി വച്ചിട്ടുള്ള തുകകൾ എത്രവീതമാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ/ നടപ്പിലാക്കി വരുന്ന ടൂറിസം പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു.

| **നം.** | **പദ്ധതിയുടെ പേര്** | **പുരോഗതി വിവരം** |
|---|---|---|
| 1. | അഡീഷണൽ വർക്ക് അറ്റ് സാൻറ് ബാങ്ക്സ് വടകര – 60,00,000.00 രൂപ | പൂർത്തീകരിച്ചു |
| 2. | തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതി – KIIFB Project - വടകര തച്ചോളി മാണിക്കോത്ത് ടെമ്പിളിൽ നടപ്പിലാക്കുന്ന ടൂറിസം വികസന പ്രവൃത്തി – TS Amount - 2,02,98,000.00 രൂപ | 95% പുരോഗമിച്ചു. |
| 3. | തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതി – KIIFB Project – വടകര താഴെ അങ്ങാടിയിൽ നടപ്പിലാക്കുന്ന ടൂറിസം വികസന പ്രവൃത്തി - TS Amount – 1,40,96,748.00 രൂപ | നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കേണ്ടതുണ്ട്.<br><br>വർക്ക് കരാറുകാരന് അവാർഡ് ചെയ്തതായി SPV, M/S KIIDC അറിയിച്ചിട്ടുണ്ട്. |

<table>
<tr>
<td>(ഡി)</td>
<td>ഇതിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളും പ്രവൃത്തികളും ഏതൊക്കെയാണ്; ഇവ ഓരോന്നിനും നീക്കി വച്ചിട്ടുള്ള കേന്ദ്ര സംസ്ഥാന തദ്ദേശ സ്ഥാപന വിഹിതങ്ങൾ എത്രവീതമാണ്;</td>
<td>(ഡി)</td>
<td>വടകര മണ്ഡലത്തിൽ കേന്ദ്രസർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള പദ്ധതികളില്ല.</td>
</tr>
<tr>
<td>(ഇ)</td>
<td>ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിനായി വകുപ്പ് മുഖേന ചെലവാക്കിയ ആകെ തുക എത്ര രൂപയാണ്; വർഷവും ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?</td>
<td>(ഇ)</td>
<td>ഇക്കാലയളവിൽ വടകര നിയോജക മണ്ഡലത്തിൽ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു :<br><br>ടൂറിസം വകുപ്പ് ചെലവഴിച്ച ആകെ തുക : 25,38,446.00 രൂപ<br><br>KIIFB യിൽ ഉൾപ്പെടുത്തി ടൂറിസം പദ്ധതിയ്ക്കായി ചെലവഴിച്ച ആകെ തുക : 87,30,423.00 രൂപ<br><br>വർഷവും ഇനവും തിരിച്ചുള്ള കണക്ക്.<br><br>
<table>
<tr><th>ക്രമ.നം.</th><th>ടൂറിസം വകുപ്പ് ചെലവഴിച്ച തുക</th><th>KIIFB യിൽ ഉൾപ്പെടുത്ത് ടൂറിസം പദ്ധതിയ്ക്കായി ചെലവഴിച്ച തുക</th></tr>
<tr><td>2024</td><td></td><td>41,16,134.00 രൂപ</td></tr>
<tr><td>2025</td><td>25,38,446.00 രൂപ</td><td>46,14,289.00 രൂപ</td></tr>
<tr><td>ആകെ</td><td>25,38,446.00 രൂപ</td><td>87,30,423.00 രൂപ</td></tr>
</table>
</td>
</tr>
</table>

സെക്ഷൻ ഓഫീസർ